മിനറൽ വാട്ടർ

149 (1084) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എളമരം കരീം :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതു നിരോധിച്ചു കൊണ്ടുള്ള നിയമം മിനറൽ വാട്ടർ ഉൽപാദകർക്കും ബാധകമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) വിപണികൾ ഇന്ന് ലഭിച്ചുവരുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇന്നുള്ള സംവിധാനം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മിനറൽവാട്ടർ നിർമ്മാണ യൂണിറ്റുകൾ വിപണിയിലിറക്കുന്ന വെള്ളം വേണ്ടത്ര ഗുണമേന്മ ഇല്ലാത്തതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ചില മിനറൽവാട്ടർ നിർമ്മാണ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന മിനറൽ വാട്ടറിൽ 'കോളീഫാം' ബാക്ടീരിയയുടെ അളവ് കൂടുതലാണെന്നും ബാക്ടീരിയയ്ക്കൊപ്പം രോഗാണുകൾ കടന്നു കൂടിയിട്ടുണ്ടെന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടുവോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ കൂടുതൽ പരിശോധനകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) സംസ്ഥാനത്തെ മിനറൽ വാട്ടർ യൂണിറ്റുകളിൽ ഉല്പാദിക്കപ്പെടുന്ന വെള്ളത്തിന് ഉപഭോക്താക്കൾ അമിതവില നല്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ജി) ഒരു ലിറ്റർ പാലിന് 13 രൂപ മാത്രം വില നൽകുമ്പോൾ ഒരു ലിറ്റർ മിനറൽ വാട്ടറിന് 15 രൂപയും അതിൽ കൂടുതലും വില നൽകേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ;

(എച്ച്) എങ്കിൽ സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന മിനറൽവാട്ടറിന്റെ അമിതവില നിയന്ത്രിക്കുന്നതിനും ഗുണമേന്മയേറിയ വെള്ളം മാത്രമെ വിതരണം ചെയ്യപ്പെടുന്നുള്ളൂ എന്നുറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഉണ്ട്. മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് തന്നെയാണ് മിനറൽ വാട്ടറും പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നത്. ആരോഗ്യ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന മൂന്ന് അനലിസ്റ്റ് ലബോറട്ടറികളിലാണ് ഇത്തരം പരിശോധനകൾ നടത്തുന്നത് ആരോഗ്യ വകുപ്പിലെ ഫുഡ് ഇൻസ്പെക്ടർമാർ ഫുഡ് സാമ്പിളുകളോടൊപ്പം മിനറൽ വാട്ടർ സാമ്പിളുകളും ശേഖരിച്ച് ലബോറട്ടറികളിൽ അയച്ച് പരിശോധനകൾ നടത്തുന്നു. കൂടാതെ പരാതികളുടെ അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ എത്തിക്കാനായി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും ഓരോ മൊബൈൽ വിജിലൻസ് സ്കാഡും നിലവിലുണ്ട്. ഇതിൽ ഓരോ യൂണിറ്റിലും ഓരോ ചീഫ് ഫുഡ് ഇൻസ്പെക്ടറും. രണ്ട് ഫുഡ് ഇൻസ്പെക്ടർമാരും ചേർന്നാണ് യൂണിറ്റുകൾ പരിശോധിക്കുന്നതും സാമ്പിളുകൾ ശേഖരിച്ച് പരിശോധനക്ക് അയയ്ക്കുന്നതും.

(സി) ഉണ്ട്. അത്തരം സാമ്പിളുകളുടെ റിപ്പോർട്ടുകൾ നിയമനടപടിക്കു വിധേയമാക്കിയിട്ടുണ്ട്. മായം ചേർക്കൽ നിരോധന നിയമത്തിൻ കീഴിൽ ഇവയെ ക്രിമിനൽ കുറ്റങ്ങളായി കോടതിയിൽ കേസ് ചാർജ്ജ് ചെയ്യപ്പെടുന്നു. കോടതിയിൽ കുറ്റം ബോധ്യപ്പെട്ടാൽ ആറുമാസം തടവും 1000 രൂപ പിഴയും ശിക്ഷ നൽകാറുണ്ട്. കൂടാതെ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്കാഡ് പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും ഫുഡ് സാമ്പിളുകളോടൊപ്പം മിനറൽ വാട്ടർ സാമ്പളുകളും പരിശോധനക്കായി അയക്കാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും മായം ചേർക്കൽ നിരോധന നിയമം (1955) അനുസരിച്ചുള്ള ശിക്ഷ ഇവയ്ക്കും ബാധകമാക്കുകയും ചെയ്യുന്നുണ്ട്.

(എഫ്-എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമിതവില നിയന്ത്രിക്കുന്നതിനുള്ള അധികാരം ആരോഗ്യ വകുപ്പിനില്ലാത്തതിനാൽ ഈ കാര്യത്തിൽ പ്രത്യേക നടപടി സ്വീകരിക്കാൻ കഴിയുന്നതല്ല. എന്നാൽ വിതരണം ചെയ്യപ്പെടുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരം കണ്ടു പടിക്കാനും, ഗുണമേന്മ കുറഞ്ഞതും, മായം കലർന്നതുമായ സാമ്പിളുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യപ്പെടുന്ന യൂണിറ്റുകൾക്കെതിരെ നിയമ നടപടി സ്വീകരിക്കാനുമുള്ള എല്ലാ സംവിധാനങ്ങളും ആരോഗ്യ വകുപ്പിനുണ്ട്. ഏതെങ്കിലും യൂണിറ്റുകൾ വിതരണം ചെയ്യുന്ന മിനറൽ വാട്ടറിന്റെ ഗുണനിലവാരങ്ങളിൽ പരാതിയുണ്ടെങ്കിൽ ആ യൂണിറ്റുകളിൽ വിതരണം ചെയ്യുന്ന സാമ്പിളുകൾ പ്രത്യേകം പരിശോധനയ്ക്കുവിധേയമാക്കാനുള്ള മൊബൈൽ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് യൂണിറ്റിന്റെ പ്രവർത്തനം ഈ കാര്യത്തിൽ കൂടുതൽ പ്രയോജനപ്രദമാണ്.

LIBRARY ARCHIVES Kerala Legislative Assembly